പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1850 17-03-2015-ൽ മറുപടിയ്ക്ക്

# അടച്ചുപൂട്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസം

ചോദ്യം:

ശ്രീ. കെ. വി. വിജയദാസ്

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അടച്ചു പൂട്ടിയ 418 ബാറുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നിലവിലുള്ള മദ്യനയം അനുസരിച്ച് അടച്ചു പൂട്ടിയ 418 ബാറുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസ് അനുവദിക്കുന്നതിന് വ്യവസ്ഥ കൊണ്ടുവരുകയും, ഇത്തരത്തിൽ 374 ലൈസൻസുകൾ അനുവദിക്കുകയും അവ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | അടച്ചുപൂട്ടപ്പെട്ട ബാറുകളിലെ തൊഴിലാളികൾക്ക് പുനരധിവാസം ഉൾപ്പെടെ എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തു കൊണ്ട് ? | (ബി) | ബാറുകൾ നിർത്തലാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് " പുനർജ്ജനി 2030 " എന്ന പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ 5% സെസ്സ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് 14/10/2014-ലെ ജി.ഒ.(എംഎസ്) നം.174/2014/നി.വ നമ്പർ ഉത്തരവ് പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് പൂട്ടിക്കിടന്നിരുന്ന 418 ബാറുകളിലെ തൊഴിൽ നഷ്ടപ്പെട്ട രജിസ്റ്റർ ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | 5851 തൊഴിലാളികൾക്ക് 5000/- രൂപ വീതം മൊത്തം 2,92,55,000/- രൂപ വിതരണം ചെയ്തിട്ടുമുണ്ട്. കൂടാതെ പൂട്ടിക്കിടന്നിരുന്ന ബാറുകളിലെ തൊഴിൽ നഷ്ടപ്പെട്ട രജിസ്റ്റേർഡ് തൊഴിലാളികൾക്ക് 10000/- രൂപ വീതം ഭാവിയിൽ പുനരധിവാസ പദ്ധതിയിൽ അനുവദിക്കുന്ന തുകയിൽ കുറവു ചെയ്യുന്നതാണെന്ന വ്യവസ്ഥയിൽ താത്ക്കാലിക സമാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാറുകൾ അടച്ചുപൂട്ടിയതുമൂലം ആത്മഹത്യ ചെയ്ത രജിസ്റ്റേർഡ് തൊഴിലാളികളുടെ ആശ്രിതർക്ക് “പുനർജ്ജനി 2030” എന്ന പദ്ധതിയിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം) രൂപ വീതം ആശ്വാസധനം നൽകുന്നതിനുമുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ